പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2446 **27-10-2026-ൽ മറുപടിയ്ക്ക്**

കള്ള് ചെത്തുതൊഴിലാളികൾ ഉൾപ്പെടെ പരമ്പരാഗത തൊഴിലാളികൾക്കുണ്ടാക്കുന്ന പ്രതിസന്ധി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. നാട്ടകം സുരേഷ് ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായ ബാറുകളുടെ വ്യാപനം നിമിത്തം പരമ്പരാഗത കള്ള് ഷാപ്പുകളിലെ കച്ചവടത്തിൽ വൻ ഇടിവ് സംഭവിച്ചതായും ചെത്തുതൊഴിലാളികൾ ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികൾ കടുത്ത തൊഴിൽ-സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തെ പരമ്പരാഗത കള്ള് വ്യവസായം നേരിടുന്ന പ്രതിസന്ധിയും വിദേശ മദ്യത്തിന്റെ ലഭ്യതയുമായി ബന്ധപ്പെടുത്തി ആധികാരിക പഠനങ്ങളൊന്നും നടത്തിയിട്ടില്ല. അഭിരുചികളിലും ഉപഭോഗശീലങ്ങളിലും വന്ന മാറ്റങ്ങൾ, കള്ള് വ്യവസായത്തിന്റെ ഉൽപ്പാദന-വിതരണ മേഖലയിലെ വെല്ലുവിളികൾ, ശുദ്ധമായ കള്ളിന്റെ ലഭ്യത ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഗുണനിലവാരത്തെക്കുറിച്ചുള്ള ആശങ്കകൾ, തുടങ്ങിയ വിവിധ ഘടകങ്ങൾ ഇതിനെ സ്വാധീനിക്കുന്നുണ്ട്. അതിനാൽ, പരമ്പരാഗത കള്ള് വ്യവസായത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കും ശുദ്ധമായ കള്ളിന്റെ ഉൽപ്പാദനവും വിതരണവും ഉറപ്പാക്കുക, ഗുണനിലവാരത്തിൽ ജനവിശ്വാസം വർധിപ്പിക്കുക, ചെത്തു തൊഴിലാളികൾ ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ -സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് പരിശോധിച്ചു വരുന്നു. .

(ബി) പരമ്പരാഗത കള്ള് വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനും ചെത്തുതൊഴിലാളികളുടെ തൊഴിലും വേതനവും ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും ഇതിനായി എന്തെങ്കിലും പ്രത്യേക സാമ്പത്തിക പാക്കേജോ ആശ്വാസ പദ്ധതികളോ പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കാമോ;

മറുപടി: പരമ്പരാഗത കള്ള് വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനും തൊഴിലാളികളുടെ തൊഴിൽ സുരക്ഷയും സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്തുന്നതിനും വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും തൊഴിലാളി സൗഹൃദ അബ്കാരി നയത്തിന് സർക്കാർ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡ് മുഖേന തൊഴിലിനിടയിലെ അപകടങ്ങളിൽ പരിക്കേൽക്കുകയോ മരണപ്പെടുകയോ ചെയ്യുന്ന തൊഴിലാളികൾക്ക് അർഹമായ നഷ്ടപരിഹാരം, ചികിത്സാസഹായം, പെൻഷൻ തുടങ്ങിയ ക്ഷേമാനുകൂല്യങ്ങൾ നൽകിവരുന്നു. കൂടാതെ, സംസ്ഥാനത്ത് ഷാപ്പുകൾ അടഞ്ഞുകിടക്കുന്നതുമൂലം

തൊഴിൽ നഷ്ടപ്പെട്ട കള്ളുചെത്ത്, കള്ള് വിൽപ്പന തൊഴിലാളികൾക്ക് എല്ലാ വർഷവും ഓണക്കാലത്ത് ധനസഹായം നൽകിവരുന്നുണ്ട്.

പരമ്പരാഗത കള്ള് വ്യവസായത്തിന്റെ ആധുനികവൽക്കരണവും വികസനവും ലക്ഷ്യമിട്ട് രൂപീകരിച്ച കേരള കള്ള് വ്യവസായ വികസന ബോർഡ് മുഖേന ആവശ്യമായ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു. കേരള കാർഷിക സർവകലാശാലയുമായി സഹകരിച്ച് 'ടോഡി ടെക്നിഷ്യൻ കോഴ്സ്'" നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിലൂടെ കള്ളിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഈ മേഖലയിലെ തൊഴിലാളികളുടെ നൈപുണ്യ വികസനത്തിനും ലക്ഷ്യമിടുന്നു.

കള്ളിന്റെ ഉൽപ്പാദനത്തിലുണ്ടാകുന്ന വർദ്ധനവ് മൂലം അധികം വരുന്ന കള്ള് ഫലപ്രദമായി വിനിയോഗിച്ച് ഉൽപ്പന്നനഷ്ടം കുറയ്ക്കുന്നതിനും വ്യവസായത്തിന്റെ സാമ്പത്തിക സുസ്ഥിരത മെച്ചപ്പെടുത്തുന്നതിനുമായി കള്ളിൽ നിന്ന് വിനാഗിരി ഉൾപ്പെടെയുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക-സാമ്പത്തിക സാധ്യതകൾ പരിശോധിച്ചു വരുന്നു. കൂടാതെ കള്ള് കുപ്പികളിലാക്കി കയറ്റുമതി നടത്തുന്നതിനുള്ള സാധ്യതകളും സർക്കാർ അബ്കാരി നയത്തിന്റെ ഭാഗമായി പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. ഈ നടപടികളിലൂടെ പരമ്പരാഗത കള്ള് വ്യവസായത്തിന്റെ വികസനം, വിപണന സാധ്യതകളുടെ വിപുലീകരണം, ചെത്തുതൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ തൊഴിൽ-സാമ്പത്തിക സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) ബാറുകൾക്ക് അനുവദിച്ചിട്ടുള്ള ഔദ്യോഗിക പ്രവർത്തന സമയം ഏതാണെന്നും പ്രസ്തുത സമയക്രമം ലംഘിച്ച് പ്രവർത്തിക്കുന്നത് തടയാൻ എന്തെല്ലാം കർശന പരിശോധനകളാണ് നടത്തുന്നതെന്നും വ്യക്തമാക്കാമോ;

<u>മറുപടി:</u> കേരള വിദേശമദ്യ ചട്ടങ്ങൾ, 1953-ലെ ചട്ടം 28-ൽ 2026 ഫെബ്രുവരി 13 മുതൽ പ്രാബല്യത്തിൽ വന്ന ഭേദഗതി പ്രകാരം FL 3, FL 11 ലൈസൻസുകളുള്ള ബാർ ഹോട്ടലുകൾക്കും സ്ഥാപനങ്ങൾക്കും രാവിലെ 10 മണി മുതൽ അർധരാത്രി 12 മണിവരെ പ്രവർത്തിക്കാവുന്നതാണ്. എന്നാൽ, ഫൈവ് സ്റ്റാറോ അതിലധികമോ ക്ലാസിഫിക്കേഷൻ പദവിയുള്ള അർഹമായ ബാർ ഹോട്ടലുകൾക്ക് അഞ്ച് ലക്ഷം രൂപ അധിക വാർഷിക ഫീസ് അടച്ച് പുലർച്ചെ 3 മണിവരെ പ്രവർത്തിക്കാൻ അനുമതിയുണ്ട്. തൊട്ടടുത്ത ദിവസം ഡ്രൈ ഡേ ആണെങ്കിൽ ഈ ഇളവ് അനുവദനീയമല്ല. ബാറുകൾ നിശ്ചിത സമയത്തിനു മുമ്പ് തുറക്കുന്നതും അനുവദനീയമായ സമയത്തിനുശേഷം പ്രവർത്തിക്കുന്നതും തടയുന്നതിനായി നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി വരുന്നുണ്ട്. സമയക്രമം ലംഘിക്കുന്ന ബാറുകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമാനുസരണ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. പരിശോധനകളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കള്ള് ഷാപ്പുകളുടെ നിലവിലെ പ്രവർത്തന സമയത്തിൽ മാറ്റം വരുത്തണമെന്നോ അല്ലെങ്കിൽ ബാറുകളുടെ പ്രവർത്തന സമയത്തിൽ പുനഃക്രമീകരണം വരുത്തണമെന്നോ ഉള്ള ആവശ്യങ്ങളോ നിർദ്ദേശങ്ങളോ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>മറുപടി:</u> 2026-27 വർഷത്തേക്കുള്ള അബ്കാരി നയം രൂപീകരിക്കുന്നതിനുള്ള ചർച്ചകൾ സർക്കാർ തലത്തിൽ പുരോഗമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കള്ള് ഷാപ്പ് തൊഴിലാളി സംഘടനകൾ,

കള്ള് ഷാപ്പ് ലൈസൻസികളുടെ സംഘടനകൾ, ബാർ ഹോട്ടലുകളുമായി ബന്ധപ്പെട്ട വിവിധ സംഘടനകൾ, മറ്റ് സാമൂഹിക സംഘടനകൾ തുടങ്ങിയവയുമായി സർക്കാർ നിരവധി യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത ചർച്ചകളിൽ കള്ള് ഷാപ്പുകളുടെയും ബാർ ഹോട്ടലുകളുടെയും പ്രവർത്തനസമയത്തിൽ പുനഃക്രമീകരണം വരുത്തുന്നതുൾപ്പെടെയുള്ള വിവിധ നിർദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ലഭിച്ചിട്ടുള്ള നിർദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. ബന്ധപ്പെട്ട എല്ലാ വശങ്ങളും തൊഴിലാളികളുടെ താൽപ്പര്യങ്ങളും പൊതുജനങ്ങളുടെ ക്ഷേമവും പരിഗണിച്ച് 2026-27 വർഷത്തെ അബ്കാരി നയത്തിൽ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ